പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6634 12.07.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്രാസൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>" എസ്. രാജേന്ദ്രൻ<br>" ജെയിംസ് മാത്യു<br>" എ. എം. ആരിഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്ര കൂടുതൽ സൗകര്യപ്രദമാക്കുന്നതിനും സ്വകാര്യ ബസ്സുകളെക്കാൾ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; | (എ) | നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി. കൂടുതൽ ദീർഘദൂര ബസ്സുകളിൽ എ.സി., പുഷ്ബാക്ക്, സ്ലീപ്പർ സംവിധാനങ്ങൾ ഏർപ്പെടുത്തിയും യാത്രാസമയം കുറച്ചുകൊണ്ടും കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവ്വീസുകൾക്ക് ഇപ്പോൾ പ്രധാനമായും ഉപയോഗിച്ച് വരുന്നത് എയർ സസ്പെൻഷനുള്ള സൂപ്പർ എക്സ്പ്രസ്സ് എയർ ബസ്സുകളും സൂപ്പർ ഫാസ്റ്റുകളുമാണ്. സൂപ്പർ ഡീലക്സ് സർവ്വീസുകളിൽ പുഷ്ബാക്ക് സീറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നഗരങ്ങളിലെ ഗതാഗതക്കുരുക്കും പൊതുപ്രവർത്തകരുടെയും പൊതുജനങ്ങളുടെയും ആവശ്യാനുസരണം കൂടുതൽ ബസ് സ്റ്റോപ്പുകൾ അനുവദിക്കുന്നതും പ്രധാന റോഡിൽ നിന്നും ഉള്ളിലോട്ടുള്ള ബസ് സ്റ്റേഷനുകളിൽ കയറിപ്പോകണമെന്ന് നിർബന്ധം പിടിക്കുന്നതുമൊക്കെയാണ് യാത്രാസമയം കുറക്കുന്നതിന് |

| | | | |
|---|---|---|---|
| | | | തടസ്സമായിരിക്കുന്നത്. വീതിയുള്ള റോഡുകളും ബൈപ്പാസ്സുകളും കൂടുതൽ ഉണ്ടാകുന്നതോടു കൂടി യാത്രാ സമയം കുറയുമെന്ന് കരുതുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അന്തർ സംസ്ഥാന എ.സി. ബസ്സ് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും കാരണമെന്തെന്നും വിശദമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾക്ക് ഉപയോഗിച്ചിരുന്ന 17 എ.സി ബസ്സുകൾ കാലപ്പഴക്കം വന്നതിനാൽ സർവ്വീസ് നടത്തിപ്പിൽ നിന്ന് മാറ്റി പകരം പുതിയ സൂപ്പർ എക്സ്പ്രസ്സ് എയർ ബസ്സുകൾ നൽകിയിട്ടുണ്ട്. കോട്ടയം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട് എന്നീ യൂണിറ്റുകളിൽ നിന്ന് ബാംഗ്ലൂരിലേക്ക് സർവ്വീസ് നടത്താൻ ഉപയോഗിച്ചിരുന്ന ബസ്സുകളാണ് മാറ്റിയത്. ശീതീകരണ സംവിധാന തകരാറും, യന്ത്ര തകരാറും കാരണം പല ദിവസങ്ങളിലും സർവ്വീസ് നടത്താൻ കഴിയാതെ വരികയും യാത്രാക്കാരിൽ നിന്നും നിരന്തരം പരാതി ഉയർന്നതിനാലുമാണ് പഴയ എ.സി ബസ്സുകൾ മാറ്റി പുതിയ സൂപ്പർ എക്സ്പ്രസ്സ് എയർ ബസ്സുകൾ നൽകിയത്. |

സെക്ഷൻ ഓഫീസർ